**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 115** **07-10-2021 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖ നിർമ്മാണ കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ്** | | **Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനായി അദാനി ഗ്രൂപ്പുമായുണ്ടാക്കിയ കരാറിലെ പ്രധാന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; കരാർ പ്രകാരം നിർമ്മാണം പൂർത്തിയാക്കാൻ അദാനി കമ്പനിക്ക് സാധിച്ചിട്ടുണ്ടോ; | (എ) | വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനായി അദാനി ഗ്രൂപ്പുമായുണ്ടാക്കിയ കരാറിലെ കൺസഷണയർ പാലിക്കേണ്ട പ്രധാന വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു. ആദ്യഘട്ട നിർമ്മാണ കാലയളവായ നാലുവർഷം (1460 ദിനങ്ങൾ) ഉൾപ്പെടെ 40 വർഷമാണ് കരാർ കാലയളവ്. കരാറിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം വിവിധ ഘട്ടങ്ങളിലൂടെ ഇൻഫ്രാസ്ട്രക്ച്ചർ സൗകര്യങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി തുറമുഖ പ്രവർത്തനവും പരിപാലനവും നടത്തി, കരാർ കാലയളവിനുശേഷം, തുറമുഖം സർക്കാരിന് കൈമാറണമെന്നാണ് കരാർ വ്യവസ്ഥ. പദ്ധതി നിർമ്മാണം വൈകുകയാണെങ്കിൽ, പൂർത്തീകരണത്തിനായി 90 ദിവസത്തെ ഗ്രേസ് പിരിയഡും, 180 ദിവസം പിഴയോടു കൂടിയും അധിക സമയം നൽകാനും വ്യവസ്ഥയുണ്ട്. 2015 ഡിസംബർ 5 ന് നിർമ്മാണം ആരംഭിച്ച വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 2019 ഡിസംബർ 3 ന് പൂർത്തീകരി ക്കേണ്ടതായിരുന്നു. എന്നാൽ തുറമുഖ നിർമ്മാണ ത്തിനാവശ്യമായ പാറ സമയബന്ധിതമായി ലഭ്യമാക്കുവാൻ കരാർ കമ്പനിക്ക് കഴിയാതെ വന്ന സാഹചര്യത്തിൽ നിർണ്ണായക ഘടകമായ പുലിമുട്ടിന്റെ നിർമ്മാണം വൈകുകയും, അതുമൂലം നിശ്ചിത തീയതിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കുവാൻ അദാനി കമ്പനിക്ക് സാധിച്ചിട്ടില്ല. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം ആദ്യത്തെ 90 ദിവസങ്ങൾ (Grace Period) പിഴ ഈടാക്കാതെയും തുടർന്നുള്ള ക്യൂർ പീരിയഡിൽ 12 ലക്ഷം രൂപ പ്രതിദിനം പിഴയോടുകൂടിയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാവു ന്നതാണ്. പിഴ |

| | | | |
|---|---|---|---|
| | | | ഈടാക്കുന്നതിന് നോട്ടീസ് നൽകിയിതിനെതുടർന്ന് നിർമ്മാണ കമ്പനി കരാറിൽ വ്യവസ്ഥ ചെയ്തത് പ്രകാരം ആർബിട്രേഷനെ സമീപിച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ സർക്കാർ ആവശ്യമായ തുടർനടപടി സ്വീകരിച്ചിട്ടുണ്ട്. ആർബിട്രേഷൻ മൂലം നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കരാർ പ്രകാരം പദ്ധതി ഏത് വർഷം പൂർത്തീകരിക്കും എന്നാണ് അദാനി ഗ്രൂപ്പ് ഉറപ്പ് നൽകിയിരുന്നത്; | (ബി) | വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനായി അദാനി ഗ്രൂപ്പുമായുണ്ടാക്കിയ കരാറിലെ കൺസഷണയർ പാലിക്കേണ്ട പ്രധാന വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു. ആദ്യഘട്ട നിർമ്മാണ കാലയളവായ നാലുവർഷം (1460 ദിനങ്ങൾ) ഉൾപ്പെടെ 40 വർഷമാണ് കരാർ കാലയളവ്. കരാറിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം വിവിധ ഘട്ടങ്ങളിലൂടെ ഇൻഫ്രാസ്ട്രക്ച്ചർ സൗകര്യങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി തുറമുഖ പ്രവർത്തനവും പരിപാലനവും നടത്തി, കരാർ കാലയളവിനുശേഷം, തുറമുഖം സർക്കാരിന് കൈമാറണമെന്നാണ് കരാർ വ്യവസ്ഥ. പദ്ധതി നിർമ്മാണം വൈകുകയാണെങ്കിൽ, പൂർത്തീകരണത്തിനായി 90 ദിവസത്തെ ഗ്രേസ് പിരിയഡും, 180 ദിവസം പിഴയോടു കൂടിയും അധിക സമയം നൽകാനും വ്യവസ്ഥയുണ്ട്. 2015 ഡിസംബർ 5 ന് നിർമ്മാണം ആരംഭിച്ച വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 2019 ഡിസംബർ 3 ന് പൂർത്തീകരി ക്കേണ്ടതായിരുന്നു. എന്നാൽ തുറമുഖ നിർമ്മാണ ത്തിനാവശ്യമായ പാറ സമയബന്ധിതമായി ലഭ്യമാക്കുവാൻ കരാർ കമ്പനിക്ക് കഴിയാതെ വന്ന സാഹചര്യത്തിൽ നിർണ്ണായക ഘടകമായ പുലിമുട്ടിന്റെ നിർമ്മാണം വൈകുകയും, അതുമൂലം നിശ്ചിത തീയതിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കുവാൻ അദാനി കമ്പനിക്ക് സാധിച്ചിട്ടില്ല. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം ആദ്യത്തെ 90 ദിവസങ്ങൾ (Grace Period) പിഴ ഈടാക്കാതെയും തുടർന്നുള്ള ക്യൂർ പീരിയഡിൽ 12 ലക്ഷം രൂപ പ്രതിദിനം പിഴയോടുകൂടിയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാവു ന്നതാണ്. പിഴ ഈടാക്കുന്നതിന് നോട്ടീസ് നൽകിയിതിനെതുടർന്ന് നിർമ്മാണ കമ്പനി കരാറിൽ വ്യവസ്ഥ ചെയ്തത് പ്രകാരം ആർബിട്രേഷനെ സമീപിച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ സർക്കാർ ആവശ്യമായ തുടർനടപടി സ്വീകരിച്ചിട്ടുണ്ട്. ആർബിട്രേഷൻ മൂലം നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം ഇതു സംബന്ധിച്ച കരാറിലെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനായി അദാനി ഗ്രൂപ്പുമായുണ്ടാക്കിയ കരാറിലെ കൺസഷണയർ പാലിക്കേണ്ട പ്രധാന വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു. ആദ്യഘട്ട നിർമ്മാണ കാലയളവായ നാലുവർഷം (1460 ദിനങ്ങൾ) ഉൾപ്പെടെ 40 വർഷമാണ് കരാർ കാലയളവ്. കരാറിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം വിവിധ ഘട്ടങ്ങളിലൂടെ ഇൻഫ്രാസ്ട്രക്ച്ചർ സൗകര്യങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി തുറമുഖ പ്രവർത്തനവും പരിപാലനവും നടത്തി, കരാർ കാലയളവിനുശേഷം, തുറമുഖം സർക്കാരിന് കൈമാറണമെന്നാണ് കരാർ വ്യവസ്ഥ. പദ്ധതി നിർമ്മാണം വൈകുകയാണെങ്കിൽ, പൂർത്തീകരണത്തിനായി 90 ദിവസത്തെ ഗ്രേസ് പിരിയഡും, 180 ദിവസം പിഴയോട്ടു കൂടിയും അധിക സമയം നൽകാനും വ്യവസ്ഥയുണ്ട്. 2015 ഡിസംബർ 5 ന് നിർമ്മാണം ആരംഭിച്ച വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 2019 ഡിസംബർ 3 ന് പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ തുറമുഖ നിർമ്മാണത്തിനാവശ്യമായ പാറ സമയബന്ധിതമായി ലഭ്യമാക്കുവാൻ കരാർ കമ്പനിക്ക് കഴിയാതെ വന്ന സാഹചര്യത്തിൽ നിർണ്ണായക ഘടകമായ പുലിമുട്ടിന്റെ നിർമ്മാണം വൈകുകയും, അതുമൂലം നിശ്ചിത തീയതിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കുവാൻ അദാനി കമ്പനിക്ക് സാധിച്ചിട്ടില്ല. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം ആദ്യത്തെ 90 ദിവസങ്ങൾ (Grace Period) പിഴ ഈടാക്കാതെയും തുടർന്നുള്ള ക്യൂർ പീരിയഡിൽ 12 ലക്ഷം രൂപ പ്രതിദിനം പിഴയോടുകൂടിയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാവു ന്നതാണ്. പിഴ ഈടാക്കുന്നതിന് നോട്ടീസ് നൽകിയിതിനെതുടർന്ന് നിർമ്മാണ കമ്പനി കരാറിൽ വ്യവസ്ഥ ചെയ്തത് പ്രകാരം ആർബിട്രേഷനെ സമീപിച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ സർക്കാർ ആവശ്യമായ തുടർനടപടി സ്വീകരിച്ചിട്ടുണ്ട്. ആർബിട്രേഷൻ മൂലം നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്. |
| (ഡി) | പദ്ധതിയുടെ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിരിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | പ്രധാന ഘടകമായ പുലിമുട്ട് നിർമ്മാണത്തിൽ വന്ന കാലതാമസം കാരണമാണ് നിശ്ചിത തീയതിക്കുള്ളിൽ പ്രോജക്ട് പൂർത്തിയാക്കുവാൻ സാധിക്കാതെ വന്നിട്ടുള്ളത്. കരാറിലെ വ്യവസ്ഥകൾ പ്രകാരം എത്രയും വേഗത്തിൽ പ്രോജക്ട് പൂർത്തീകരിക്കാൻ സർക്കാർ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ